# കാസർകോടിന്റെ ആരോഗ്യ ഭൂപടത്തിലേക്ക് മാതൃ-ശിശു ആശുപത്രിയും; ഉദ്ഘാടനം ഡിസംബറോടെ

കാസർകോട്: കാസർകോടിന് സർക്കാർ നൽകിയ സമ്മാനമായ മാതൃ- ശിശു (അമ്മയും കുഞ്ഞും) ആശുപത്രി നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിൽ. 112 ബെഡുകളുള്ള മൂന്ന് നില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ഡിസംബറോടെ പൂർത്തിയാകും. 75 സെന്റ് സ്ഥലത്ത് 112 കിടക്കകൾ ഉള്ള മൂന്നു നില കെട്ടിടമാണ് യാഥാർത്ഥ്യമാകുന്നത്. ജില്ലയുടെ വിവിധ ഭാഗങ്ങളിലുള്ളവർക്ക്, പ്രസവം, സ്ത്രീകളുടേയും കുട്ടികളുടേയും ചികിത്സ തുടങ്ങിയ സേവനങ്ങൾക്ക് മാതൃശിശു ആശുപത്രി ഉപയോഗപ്പെടുത്താം. നിലവിൽ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയായി. വൈദ്യുതീകരണ പ്രവർത്തനങ്ങൾ ഉടൻ പൂർത്തിയാകും. പെയിന്റിങ് പ്രവൃത്തിയും ഉടൻ നടത്തും. നിലവിലെ കെട്ടിടത്തിൽ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് ഉൾപ്പെടുത്തിയിട്ടില്ലെന്നും അതിന് പഴയ ജില്ലാ ആശുപത്രി കെട്ടിടത്തിലെ കേന്ദ്രീയ വിദ്യാലയം പ്രവർത്തിച്ചിരുന്ന ബ്ലോക്കാണ് തീരുമാനിച്ചിട്ടുള്ളതെന്നും ഡി.എം.ഒ (ആരോഗ്യം) ഡോ എ.വി രാംദാസ് പറഞ്ഞു.പ്രസവം മുതൽ ശിശു രോഗങ്ങളും സ്ത്രീകളുടെ അസുഖങ്ങളും ചികിത്സിച്ചു ഭേദമാക്കുന്ന ജില്ലയിലെ പ്രധാന കേന്ദ്രമാകും ഈ ആശുപത്രി. ജില്ലാ ആശുപത്രിയിൽ നിന്ന് മൂന്ന് കിലോ മീറ്ററും കാസർകോട് ജനറൽ ആശുപത്രിയിൽ നിന്ന് 30 കിലോമീറ്ററുമാണ് കാഞ്ഞങ്ങാട്ട് ഒരുങ്ങുന്ന സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിലേക്കുള്ള ദൂരം. 9.4 കോടി രൂപ മുതൽ മുടക്കി നിർമ്മിക്കുന്ന ആശുപത്രിയിൽ ഗൈനക്കോളജി, പീഡിയാട്രിക്സ്, അനസ്തേഷ്യ, ജനറൽ മെഡിസിൻ, ജനറൽ സർജറി, റേഡിയോളജി വിഭാഗങ്ങളുടെ സേവനം ലഭ്യമാകും. പ്രസവ ശേഷം അമ്മയേയും കുഞ്ഞിനേയും വീടുകളിലേക്ക് എത്തിക്കുന്ന 'മാതൃയാനം' പദ്ധതിയുൾപ്പെടെ അത്യാധുനിക വൈദ്യ സംവിധാനങ്ങൾ നിറഞ്ഞ ആശുപത്രി ജില്ലയുടെ വികസനത്തിന് മുതൽക്കൂട്ടാകും.

## എസ് സി ഒറ്റത്തവണ പ്രമാണ പരിശോധന നാളെ

കാസർകോട്: കേരള വാട്ടർ അതോറിറ്റിയിലെ ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ്(കാറ്റഗറി നമ്പർ 84/2018) തസ്തികയുടെ 2020 ഒക്ടോബർ 12 ൽ പ്രസിദ്ധീകരിച്ച സാധ്യതാ പട്ടികയിൽ ഉൾപ്പെട്ട കാസർകോട് ജില്ലക്കാരായ മൂന്ന് ഉദ്യോഗാർത്ഥികളുടെ ഒറ്റത്തവണ പ്രമാണ പരിശോധന നാളെ രാവിലെ പത്ത് മുതൽ ജില്ലാ പിഎസ്.സി ഓഫീസിൽ നടത്തും. പ്രമാണങ്ങളുടെ അസ്സൽ, പ്രൊഫൈലിൽ അപ്ലോഡ് ചെയ്ത് അന്നേദിവസം അസ്സൽ പ്രമാണങ്ങളുമായി ഉദ്യോർത്ഥികൾ ഓഫീസിൽ ഹാജരാകണം.

# കാസർകോട് മർച്ചന്റ്സ് അസോസിയേഷൻ ധർണ്ണ നടത്തി

കാസർകോട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന കമ്മിറ്റിയുടെ ആഹ്വാനപ്രകാരം വ്യാപാരികളുടെ വിവിധ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് സംസ്ഥാനത്തുടനീളം നടന്ന ധർണ്ണയുടെ ഭാഗമായി കാസർകോട് മർച്ചന്റ്സ് അസോസിയേഷൻ യൂണിറ്റിൽ 8 കേന്ദ്രങ്ങളിൽ ധർണ്ണാസമരം നടത്തി.

കാസർകോട് കലക്ടറേറ്റിലെ പ്രധാന കവാടത്തിൽ കെ.വിവിഇഎസ് മേഖലാ പ്രസിഡണ്ട് എ.എ അസീസിന്റെ അധ്യക്ഷതയിൽ ജില്ലാ പ്രസിഡണ്ട് അഹമ്മദ് ഷെരീഫ് ഉദ്ഘാടനം ചെയ്തു. രണ്ടാം കവാടത്തിൽ മർച്ചന്റ് അസോസിയേഷൻ സെക്രട്ടറി മുനീർ അടുക്കത്ത്ബയലിന്റെ അധ്യക്ഷതയിൽ ജില്ലാ ട്രഷറർ മാഹിൻ കോളിക്കര ഉദ്ഘാടനം ചെയ്തു. മൂന്നാം കവാടത്തിൽ സെക്രട്ടറി ജലീൽ ടി.എമ്മിന്റെ അധ്യക്ഷതയിൽ മേഖലാ പ്രസിഡണ്ട് എ.എ അസീസ് ഉദ്ഘാടനം ചെയ്തു. പുതിയ ബസ്സ്റ്റാന്റ് ഒപ്പ് മരചുവട്ടിൽ നടന്ന ധർണ്ണ സംഘടനാ വൈസ് പ്രസിഡണ്ട് ദിനേശ് കെയുടെ അധ്യക്ഷതയിൽ ജില്ലാ വൈസ് പ്രസിഡണ്ട് ടി. എ ഇല്യാസ് ഉദ്ഘാടനം ചെയ്തു. ഹെഡ് പോസ്റ്റ് ഓഫീസിന് മുന്നിൽ നടന്ന ധർണ്ണയിൽ യൂണിറ്റ് ട്രഷറർ ബഷീർ കല്ലങ്കാടി ആധ്യക്ഷം വഹിച്ചു. യൂണിറ്റ് പ്രസിഡണ്ട് എ.കെ മൊയ്തീൻ കുഞ്ഞി ഉദ്ഘാടനം ചെയ്തു. താലൂക്ക് ഓഫീസിന് മുന്നിൽ വൈസ് പ്രസിഡണ്ട് അബ്ദുൾ നഹീം അങ്കോലയുടെ അധ്യക്ഷതയിൽ ജനറൽ സെക്രട്ടറി കെ. നാഗേഷ് ഷെട്ടി ഉദ്ഘാടനം ചെയ്തു.



*മർച്ചന്റ്സ് യൂത്ത് വിംഗ് മുനിസിപ്പാലിറ്റിക്കു മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ*

# മർച്ചന്റ്സ് വനിതാവിംഗ് പ്രതിഷേധ ധർണ്ണ നടത്തി

കാസർകോട്: കേരള വ്യാപാരി വ്യവസായി ഏകോപന സമിതി വ്യാപാരദ്രോഹ നയങ്ങൾക്കെതിരെ നടത്തിയ പ്രതിഷേധ ധർണ്ണയുടെ ഭാഗമായി കാസർകോട് മർച്ചന്റ്സ് വനിതാവിംഗ് മുൻസിപ്പാലിറ്റിക്ക് മുന്നിൽ ധർണ്ണ നടത്തി. മർച്ചന്റ്സ് വനിതാവിംഗ് ട്രഷറർ സുചിത്ര പിള്ള ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കമറുന്നീസ ആധ്യക്ഷം വഹിച്ചു.

പ്രിൻസി ഡിസോസ സ്വാഗതവും സുമതി കെ.എം നന്ദിയും പറഞ്ഞു. വനിതാവിംഗ് ഭാരവാഹികളായ നളിനി കണ്ണൻസ്, ഭവാനി കണ്ണൻസ് എക്സിക്യൂട്ടീവ് അംഗങ്ങളായ വിജയലക്ഷ്മി, സുഹറ, വിനുത, സന്ധ്യ തുടങ്ങിയവർ സംബന്ധിച്ചു.



*കുമ്പള ബദ്‌രിയാ നഗർ റസിഡൻസ് അസോസിയേഷൻ തിരഞ്ഞെടുപ്പ് കൺവൻഷനിൽ സംബന്ധിച്ചവർ.*

## പ്രതിഷേധിച്ചു

കാഞ്ഞങ്ങാട്: കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ കാർഷിക വിരുദ്ധ നയത്തിനെതിരെ ആൾ ഇന്ത്യ കിസാൻ കോൺഗ്രസ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനിൽ മുന്നിൽ പ്രതിഷേധ സമരം സംഘടിപ്പിച്ചു.പരിപാടി കെ.പി.സി.സി നിർവ്വാഹക സമിതി അംഗം പി.കെ.ഫൈസൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡണ്ട് യു.വി.എ.റഹ് മാൻ അധ്യക്ഷനായി, കെ.പി.ബാലകൃഷ്ണൻ, അശോക് ഹെഗ്ഡെ, എൻ.കെ. രത്നാകരൻ, എം.കുഞ്ഞികൃഷ്ണൻ, മോഹനൻ നായർ, പ്രവീൺ കുമാർ, വിനോദ് ആവിക്കര, ചന്ദ്രൻ ഞാണി കടവ്, രാധാകൃഷ്ണൻ, എന്നിവർ സംസാരിച്ചു.എ.പുരുഷോത്തമൻ സ്വാഗതവും രാജൻ നന്ദിയും പറഞ്ഞു.

# കുമ്പളയിൽ റസിഡൻസ് അസോസിയേഷൻ മത്സരിക്കും

കുമ്പള:കുമ്പള ഗ്രാമ പഞ്ചായത്തിലെ പതിനഞ്ചാം വാർഡ് ബദ്രിയാ നഗറിലെ റസിഡൻസ് അസോസിയേഷൻ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർഥിയെ നിർത്തി മത്സരിപ്പിക്കാനുള്ള തീരുമാനവുമായി മുന്നോട്ട്. തിരഞ്ഞെടുപ്പ് കൺവെൻഷൻ ചേർന്നു. ബദ്രിയാ നഗർ വാർഡിനോട് കുമ്പള ഗ്രാമ പഞ്ചായത്ത് കാലങ്ങളായി അനുവർത്തിച്ചു പോരുന്ന അവഗണനയിൽ പ്രതിഷേധിച്ചാണ് ഇത്തരത്തിലൊരു തീരുമാനം റസിഡൻസ് അസോസിയേഷൻ എടുത്തത്.

അടുത്ത ആഴ്ചയോടെ സ്ഥാനാർത്ഥി പ്രഖ്യാപനം ഉണ്ടാകും. ചിട്ടയായ തെരഞ്ഞെടുപ്പ് പ്രവർത്തനമാണ് നടത്തുക. എല്ലാവർക്കും രാഷ്ട്രീയമുണ്ട് അതൊക്കെ തദ്ദേശ തെരഞ്ഞെടുപ്പിൽ മാറ്റിവെച്ച് സ്വതന്ത്ര സ്ഥാനാർത്ഥിയുടെ വിജയത്തിനായി രംഗത്തിറങ്ങാൻ യോഗം തീരുമാനിച്ചു. യോഗത്തിൽ മുഹമ്മദ് സ്മാർട്ട്, അബ്ദുൽ ഷാനിഫ് കെ എം, അബ്ദുൽ ലത്തീഫ്, ജാബിർ, റംഷാദ്, മുഹമ്മദ് ജാഫർ, മൻസൂർ, സൈനുദ്ദീൻ, അംസീർ എഎം, അഫ്സൽ, അലി, ഷബീർ, ബഷീർ എന്നിവർ പ്രസംഗിക്കും.ഇതു സംബന്ധിച്ച യോഗത്തിൽ ജാഫർ ആധ്യക്ഷം വഹിച്ചു. അബ്ദുല്ല കുഞ്ഞി ഉദ്ഘാടനം ചെയ്തു.



*കാഞ്ഞങ്ങാട് മിനി സിവിൽ സ്റ്റേഷനു മുന്നിൽ നടത്തിയ പ്രതിഷേധ സമരം കെ.പി.സി.സി നിർവ്വാഹ സമിതി അംഗം പി.കെ.ഫൈസൽ ഉദ്ഘാടനം ചെയ്യുന്നു*

# സ്ത്രീകളെ ശാക്തീകരിക്കാൻ മഹിളാ ശക്തി കേന്ദ്രം: മന്ത്രി കെ കെ ശൈലജ ഉദ്ഘാടനം ചെയ്തു

കാസർകോട്: സംസ്ഥാന വനിത ശിശുവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ വനിതകളെ ശാക്തീകരിക്കുന്നതിനായി ജില്ലയിൽ മഹിളാ ശക്തി കേന്ദ്രം ആരംഭിച്ചു. സംസ്ഥാനതല ഉദ്ഘാടനം ആരോഗ്യ-സാമൂഹ്യനീതി-വനിതാശിശു വികസന വകുപ്പ് മന്ത്രി കെ കെ ശൈലജ വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു. ജില്ലാതല ഉദ്ഘാടനം എൻ എ നെല്ലിക്കുന്ന് എംഎൽഎ നിർവഹിച്ചു. രാജ്യത്തിന്റെ അവിഭാജ്യ ഘടകമായ സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമം വളരെ പ്രാധാന്യമർഹിക്കുന്നതാണെന്നും ജില്ലയിലാരംഭിക്കുന്ന മഹിളാ ശക്തികേന്ദ്രം സാധാരണക്കാരുടെ അഭയകേന്ദ്രമായി മാറട്ടെയെന്നും എംഎൽഎ പറഞ്ഞു. ജില്ലാ വനിതാ ശിശുവികസന ഓഫീസിൽ സംഘടിപ്പിച്ച ചടങ്ങിൽ ജില്ലാ വനിതാ ശിശു വികസന ഓഫീസർ കവിതാറാണി രഞ്ജിത്, സീനിയർ ക്ലർക്ക് പി വി സീന തുടങ്ങിയവർ സംബന്ധിച്ചു.



*മഹിളാ ശക്തി കേന്ദ്രത്തിന്റെ ജില്ലാതല ഉദ്ഘാടനം എൻ നെല്ലിക്കുന്ന് എംഎൽഎ നിർവഹിക്കുന്നു*

## ധർണ്ണ നടത്തി

ഉദുമ: സംസ്ഥാന സർക്കാറിന്റെ തീവെട്ടിക്കൊള്ളയ്ക്കും മയക്കു മരുന്ന് കച്ചവടത്തിനും സ്വർണക്കടത്തിനും ലൈഫ് മിഷൻ അഴിമതിക്കുമെതിരെ ഉദുമ പഞ്ചായത്ത് 19,21 വാർഡ് സംയുക്ത ധർണ നടത്തി. ഡിസി സി ജനറൽ സെക്രട്ടറി ഗീതാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

കുഞ്ഞിരാമൻ, സുകുമാരി ശ്രീധരൻ, കെ. എം. അമ്പാടി പി. ആർ. ചന്ദ്രൻ, പന്തൽ ബാലൻ, കെ. വി. രാഘവൻ, അനീഷ് പണിക്കർ, വിജയൻ എന്നിവർ പ്രസംഗിച്ചു.

## വയലാർ അനുസ്മരണം

എടനീർ: കളരി ഇ.എം.എസ്. സ്മാരക വായനശാല ആന്റ് ഗ്രന്ഥാലയം വയലാർ അനുസ്മരണത്തിന്റെ ഭാഗമായി പ്രഭാഷണവും കാവ്യാലാപനം, സിനിമാ ഗാനാലാപനം എന്നിവയിൽ മത്സരവും നടത്തി.

താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ഇ. ജനാർദ്ദനൻ ഉദ്ഘാടനം ചെയ്തു. കെ. രാമൻ ആധ്യക്ഷം വഹിച്ചു. ജി. അംബുജാക്ഷൻ പ്രഭാഷണം നടത്തി. കെ.കെ. രാജൻ സ്വാഗതവും എ. ചന്ദ്രൻ നന്ദിയും പറഞ്ഞു.


100 ദിനങ്ങൾ പദ്ധതികൾ

159 സ്മാർട്ട് വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം
നിർമാണ ഉദ്ഘാടനം

5 സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ
പ്രവർത്തന ഉദ്ഘാടനം

6500 പേർക്ക് പട്ടയവിതരണം

2020 നവംബർ 4 ഉച്ചയ്ക്ക് 12





വീഡിയോ കോൺഫറൻസിലൂടെ

ശ്രീ. പിണറായി വിജയൻ
ബഹു. മുഖ്യമന്ത്രി

ആധ്യക്ഷ്യം: ശ്രീ. ഇ. ചന്ദ്രശേഖരൻ
ബഹു. റവന്യൂ മന്ത്രി

ബഹു. സ്പീക്കർ, മന്ത്രിമാർ, പ്രതിപക്ഷ നേതാവ്, എം.പി.മാർ, എംഎൽ.എമാർ, മറ്റു ജനപ്രതിനിധികൾ പങ്കെടുക്കുന്നു

റവന്യൂ വകുപ്പിന്റെ നേട്ടങ്ങളിൽ ചിലത്

● ഇതുവരെ 1,63,000 പട്ടയങ്ങൾ വിതരണം ചെയ്തു ● 305 സ്മാർട്ട് വില്ലേജ് ഓഫീസുകൾ തുടങ്ങി ● ലാന്റ് ട്രിബ്യൂണലുകളിൽ ദശാബ്ദങ്ങളായി തീർപ്പാകാതെ കിടന്ന 140794 കേസുകൾ തീർപ്പാക്കി ● പ്രത്യേക ദൗത്യത്തിലൂടെ 800 ഏക്കർ കയ്യേറ്റ ഭൂമി തിരിച്ചുപിടിച്ചു ● 6 പുതിയ റവന്യു ഡിവിഷനുകളും 2 പുതിയ താലൂക്കുകളും ആരംഭിച്ചു ● നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നതിനെതിരെ അതിശക്തമായ നടപടിയും നിയമഭേദഗതിയും കൊണ്ടുവന്നു ● ചട്ടങ്ങൾ ഭേദഗതി ചെയ്ത് ഉപാധിരഹിത പട്ടയം നൽകുക എന്ന ദീർഘകാലത്തെ കർഷക അഭിലാഷം സാക്ഷാത്കരിച്ചു ● ഭൂരേഖകളുടെ ഡിജിറ്റൈസേഷനും റവന്യു ഓഫീസുകളുടെ ആധുനികവത്കരണവും പൂർത്തീകരണത്തിലേക്ക് ● അഴിമതിക്കെതിരെ കർശനമായ നടപടി

നിർമാണ ഉദ്ഘാടനം നടക്കുന്ന സ്മാർട്ട് വില്ലേജ് ഓഫീസുകൾ

**തിരുവനന്തപുരം:** ഉള്ളൂർ, പേട്ട, അയിരൂർ, നെടുമങ്ങാട്, കുളത്തൂർ, വെള്ളറട, വാമനപുരം, കല്ലറ, ആനാട്, മലയിൻകീഴ്, വിളവൂർക്കൽ, വർക്കല, ചെമ്മരുതി | **കൊല്ലം:** തഴവ, കല്ലേലി ഭാഗം, കരവാളൂർ, നെടുവത്തൂർ, മയ്യനാട്, തൃക്കടവൂർ, തെക്കുംഭാഗം, തേവലക്കര, മൈലം | **പത്തനംതിട്ട:** അങ്ങാടിക്കൽ, കൂടൽ, നിരണം, ചേത്തയ്ക്കൽ, കൊല്ലമുള, കലഞ്ഞൂർ | **ആലപ്പുഴ:** പുന്നപ്ര, എണ്ണയ്ക്കാട്, ആറാട്ടുപുഴ, വയലാർ കിഴക്ക്, തെക്കേക്കര, ചേപ്പാട്, കുരട്ടിശ്ശേരി | **കോട്ടയം:** ചെങ്ങളം സൗത്ത്, പെരുമ്പായിക്കോട്, ചെത്തിപ്പുഴ | **ഇടുക്കി:** മൂപ്പാറ, പെരുവന്താനം, മഞ്ചുമല, കുമളി, കൊക്കയാർ, പീരുമേട്, ഇലപ്പള്ളി, ഉപ്പുതറ, ശാന്തൻപാറ, വെള്ളിയമറ്റം, വണ്ണപ്പുറം, രാജാക്കാട്, പൂപ്പാറ, ആനവിരട്ടി, വാത്തിക്കുടി, ഉപ്പുതോട്, തങ്കമണി, ഉടുമ്പൻചോല, കരുണാപുരം, പാറത്തോട്, കൽക്കൂന്തൽ, കാന്തിപ്പാറ, വെള്ളത്തൂവൽ, മാങ്കുളം, വട്ടവട, കൊട്ടക്കാമ്പൂർ, കുഞ്ചിത്തണ്ണി, മന്നാംകണ്ടം, ചതുരംഗപ്പാറ, ആലക്കോട് | **എറണാകുളം:** ചേന്ദമംഗലം, അയ്യമ്പുഴ, കൂത്താട്ടുകുളം, രാമമംഗലം, പിറവം, കുമ്പളങ്ങി, മട്ടാഞ്ചേരി, എരമല്ലൂർ, കീരമ്പാറ, നേരിയമംഗലം, കുട്ടമ്പുഴ | **തൃശ്ശൂർ:** എരവ്, ശ്രീനാരായണപുരം, പുല്ലൂറ്റ്, അഴീക്കോട്, കാക്കുളിശ്ശേരി, ആളൂർ, കല്ലേറ്റുംകര, ചാലക്കുടി ഈസ്റ്റ്, വടക്കേകാട്, കണിയാർക്കോട്, കൊണ്ടാഴി, അഞ്ഞൂർ(ഗ്രൂപ്പ്), ഒല്ലൂർക്കര, നടത്തറ | **പാലക്കാട്:** കൊഴിഞ്ഞാംപാറ, വിളയൂർ, കുലുക്കല്ലൂർ, ഒറ്റപ്പാലം, നെല്ലായ, തൃക്കടീരി, പൂക്കോട്ടുകാവ്, കടമ്പഴിപ്പുറം, അനങ്ങനടി, വാണിയംകുളം, ഷൊർണ്ണൂർ, കടമ്പഴിപ്പുറം, മണ്ണൂർ, മരുതറോഡ്, പാലക്കാട്, മുതുതല, തെങ്കുറിശ്ശി, കാവശ്ശേരി, വണ്ടാഴി, മംഗലം ഡാം, കണ്ണമ്പ്ര, വടക്കഞ്ചേരി, കുഴൽമന്ദം, മേലാർകോട്, തരൂർ, അലനല്ലൂർ, മണ്ണാർക്കാട്, കോട്ടോപ്പാടം, കള്ളമല, പയ്യനടം, അയിലൂർ, കൊല്ലംകോട്, ഒഴലപ്പതി, തത്തമംഗലം | **മലപ്പുറം:** കാട്ടിപ്പരുത്തി, പൂക്കോട്ടൂർ, പാണ്ടിക്കാട്, തൃക്കലങ്ങോട്, ചോക്കാട്, കേരള എസ്റ്റേറ്റ്, നിറമരുതൂർ, ഇരുമ്പിളിയം, വാഴയൂർ | **കോഴിക്കോട്:** നരിപ്പറ്റ, എടച്ചേരി, താഴേക്കാട്, കാക്കൂർ, മടവൂർ, ചാത്തമംഗലം, വളയം, വില്യാപ്പള്ളി, വേളം, കാന്തലാട് | **വയനാട്:** പെരിയ | **കണ്ണൂർ:** മുണ്ടേരി, മണത്തണ, കുഞ്ഞിമംഗലം, ചുഴലി | **കാസർഗോഡ്:** തുരുത്തി, പഡ്രെ, തെക്കിൽ, കാഞ്ഞങ്ങാട്, കുഡ്‌ലു





Connect with CM | fb.me/cmokerala twitter.com/cmokerala
PRD Live Mobile App /keralainformation PRD Media Handbook App

Break the Chain

GoK Direct

റവന്യൂ വകുപ്പ്
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
കേരള സർക്കാർ